# editor's voice



ചുറ്റും കനത്തു നിന്ന കാർമേഘപാളികളിൽ നനവൂറി വരുന്നുണ്ട്... നീണ്ടുപോയ ദിവസങ്ങളുടെ നീളത്തിനൊടുവിൽ ചുരുക്കിയെഴുതിയ സ്വപ്നങ്ങളുടെ നീറ്റൽ... വരിയും വരകളുമില്ലാതെ നീ എന്നിലേൽപ്പിച്ച താളുകളിൽ ഹൃദയാക്ഷരങ്ങൾ തുന്നിച്ചേർത്ത് തിരിച്ചേൽപ്പിക്കുകയാണ്. താളുകൾക്കിടയിൽ പറയാത്ത അധ്വാനത്തിന്റെ കണക്കും ഉറങ്ങാൻ മറന്ന രാത്രിയുടെ തുടിപ്പും അലഞ്ഞുതീർത്ത വഴികളുടെ മടുപ്പും വേണമെങ്കിൽ നിനക്ക് എഴുതിച്ചേർക്കാം.

ശേഷം മൗനം പുരണ്ട വാക്കുകൾക്കിടയിൽ നിന്റെ ശബ്ദം കണ്ടെത്തുക.

അറുപതു വർഷം പിന്നിടുമ്പോഴും ക്യാംപസിൽ എന്തുകൊണ്ട് ഒരു പെൺകുട്ടിക്ക് എഡിറ്ററാവാൻ കഴിഞ്ഞില്ലെന്ന ചോദ്യത്തിന്റെ അർത്ഥം വിശദീകരിച്ച് ചുരുക്കുകയായിരുന്നു. പെണ്ണിനെക്കൊണ്ടാവില്ലെന്ന് പലരും പലവുരു ആവർത്തിച്ചപ്പോഴും ഉള്ളിൽ തീ കത്തിച്ചുവെച്ച് ഇറങ്ങിത്തിരിക്കുകയായിരുന്നു. അരുക്കാക്കപ്പെട്ട സ്ത്രീത്വത്തിന്റെ ചിത്രം അക്ഷരങ്ങൾ അടുക്കിവെച്ച് വരച്ചു തീർക്കുകയായിരുന്നു. ഓർമ്മയിൽ ചിതലരിച്ച ആ ചിത്രത്തിന് മറവിയിൽ മാഞ്ഞുപോയ നിന്റെ മുഖമായിരുന്നു. അടുക്കളയിൽ അമർന്നുപോയ അമ്മയുടെ ശ്വാസം അരികുകളിൽ പറ്റിപ്പിടിച്ചിരിക്കുന്നത് കാണാതിരിക്കാനാവില്ല. അക്ഷരങ്ങളുടെ ചികയലുകൾക്കുള്ളിൽ നനഞ്ഞാറിയ നിന്റെ നിശ്വാസം കേൾക്കുക.

ക്യാംപസിന്റെ സർഗാത്മകതയെ കുറിച്ചോർത്ത് നീ നിന്റെ ഹൃദയത്തെ ആഘാതത്തിന് വിട്ടുകൊടുത്തതെന്തിനാണ്? മഴയേൽക്കുന്ന മണ്ണിൽ പുൽനാമ്പുകൾ മുളയ്ക്കാതിരിക്കില്ല. ഓരോ പുൽക്കൊടിക്കും ഇവിടെ തണലുണ്ട്. തഴച്ചു വളരാൻ വിശാലമായ രാജവീഥിയുണ്ട്. കാലിനടിയിലെ മണ്ണ് വെറുതെ കിളച്ചു നോക്കുക. തൊണ്ടകീറലുകൾക്കിടയിൽ പൊഴിഞ്ഞുപോയ നിന്റെ വസന്തം കണ്ടുപിടിക്കുക.

ഭാണ്ഡവും പേറിയുള്ള നീണ്ട യാത്രയ്ക്കു വിരാമമാവുകയാണ്. തേടിയിറങ്ങിയ നിധി അവസാനം കണ്ടെത്തിയിരിക്കുന്നു. മഞ്ഞും മഴയും വെയിലും വകവയ്ക്കാതെ മുന്നേറിയത് ഇതു നിന്നിലേൽപ്പിക്കാനാണ്. പാതകളിപ്പോൾ പ്രകാശമാനവും ആകാശം തെളിഞ്ഞതുമാണ്. കണ്ടെത്തിയ നിധിയുടെ വേരിനായി ആവോളം ആഴത്തിൽ കുഴിച്ചു കൊണ്ടിരിക്കുക. രൂപപ്പെടുന്ന ഭൂമിയുടെ ഗർഭത്തിൽ പണ്ടെന്നോ മറമാടിയ നിന്നെ കണ്ടെത്താതിരിക്കില്ല.

**ഫെബ്ന മൂർക്കത്ത്**
സ്റ്റുഡന്റ് എഡിറ്റർ

# principal speaks




പ്രഫ. എ. കുട്ട്യാലിക്കുട്ടി

എഴുപതു ശതമാനത്തോളം പെൺകുട്ടികൾ പഠിക്കുന്ന ഫാറൂഖ് കോളേജിൽ ആദ്യമായൊരു വിദ്യാർത്ഥിനി സ്റ്റുഡന്റ് എഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഏറെ സന്തോഷമായിരുന്നു. ഫാറൂഖ് കോളജ് ആരംഭിച്ച് പത്തു വർഷം കഴിഞ്ഞാണ് പെൺകുട്ടികൾ എത്തുന്നത്. ഇന്നിപ്പോൾ കൂടുതൽ പെൺകുട്ടികൾ. ഉന്നതവിജയങ്ങൾ അവർ നേടുന്നു. പല മേഖലകളിൽ കഴിവു തെളിയിക്കുന്നു. അവരിലൊരാളാണ് മാഗസിൻ എഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ടത്. എഴുത്തുകാരിയായ, ഫാറൂഖ് കോളേജിൽ എത്തുംമുമ്പ് കവിതാഗ്രന്ഥം പ്രസിദ്ധീകരിച്ച് കഴിവു തെളിയിച്ച ഫെബ്നയെ മാഗസിൻ എഡിറ്ററായി ആൺകുട്ടികൾ അടക്കമുള്ളവർ തിരഞ്ഞെടുത്തത് വെറുതെയായില്ലെന്ന് ബോധ്യമാവുകയും ചെയ്തു. സ്റ്റാഫ് എഡിറ്ററെ കണ്ടെത്തി. വിവിധ സംഘടനകളിലെ വിദ്യാർത്ഥികളുടെ, തന്നോടൊപ്പം മൽസരിച്ചവർ അടക്കമുള്ളവരുടെ സഹായം തേടി. സംഘടനാ രാഷ്ട്രീയത്തിന്റെ അതിർത്തിക്കപ്പുറം ഉചിതമായ ഒരു പത്രാധിപ സമിതി ഉണ്ടാക്കി. ഒരു തീം അടിസ്ഥാനമാക്കിയുള്ള മാഗസിൻ വേണമെന്ന് പത്രാധിപ സമിതി തീരുമാനിച്ചത്, കിട്ടുന്ന കുറെ രചനകൾ തുന്നിക്കെട്ടി ഒരു മാഗസിനാക്കുക എന്ന പതിവു തെറ്റിക്കുമ്പോഴുള്ള പ്രയാസങ്ങൾ തിരിച്ചറിഞ്ഞു തന്നെയായിരുന്നു. സ്ത്രീത്വത്തെ പ്രധാന വിഷയമാക്കുമ്പോൾ വജ്രജൂബിലി ആഘോഷിക്കുന്ന ഫാറൂഖ് കോളേജിനെ സംബന്ധിച്ച് പ്രത്യേക പ്രസക്തിയുണ്ട്. ഒരു കലാലയത്തിനപ്പുറം മലബാറിലെ വിദ്യാഭ്യാസ-സാംസ്കാരികരംഗത്ത് മുന്നേറ്റമായി മാറിയ ഫാറൂഖ് കോളേജിൽ ഇന്നു പെൺകുട്ടികൾ എല്ലാ രംഗത്തും മുന്നിലെത്തിക്കഴിഞ്ഞിരിക്കുന്നു. ഈ മാഗസിൻ അതിന്റെ തെളിവാണ്. ഫാറൂഖ് കോളേജിലെ വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും അധ്യാപകരുമാണ് ഈ മാഗസിനിൽ അണിനിരക്കുന്നത്. വിവരശേഖരണവും അഭിമുഖങ്ങളും രചനകളും അവരുടെതാണ്. പൂർണമായും ഫാറൂഖ് കോളേജിന്റേതു മാത്രമായ ഈ മാഗസിൻ എന്നെ കൂടുതൽ ആഹ്ലാദിപ്പിക്കുന്നു.

പ്രഫ. എ. കുട്ട്യാലിക്കുട്ടി
പ്രിൻസിപ്പാൾ
ഫാറൂഖ് കോളേജ്